

**Rev. John Joseph**
Vicar & Chairman
Mob: 9746 120 602
Email: rev.jojoseph@gmail.com

## Church Committee

| | | | |
|---|---|---|---|
| Rev. John Joseph | Chairman | : | 9746 120 602 |
| Mr. Nebu I. Thomas | Secretary | : | 9387 498 366 |
| Mrs. Susan Rony Mathew | Treasurer | : | 9567 504 474 |
| Mr. Cyriac Thomas | | : | 9447 183 123 |
| Miss. Soumya E.S. | | : | 7907 196 678 |
| Mr. Vinod Robert | | : | 9048 790 366 |
| Prof. Dr. Sobhana Reji | | : | 9446 211 585 |

## Diocesan Council Members

| | | |
|---|---|---|
| Mr. John K. P. | : | 9895 510 018 |
| Mrs. Neethu Bijoy | : | 9400 703 238 |
| Mr. Sonu Jose | : | 8129 911 664 |

## District Council Members

Miss. Soumya E.S.
Mr. Vinod Robert

**Editorial Board**
Rev. John Joseph
Mr. Nebu I. Thomas
Mrs. Susan Rony Mathew
Mr. Vinod Robert
Mr. John K. P.
Mr. Manesh John Oommen
Mrs. Susan Benjamin

## Inside

Vicar's Desk ............................................................ : 2
സൺഡേ സ്കൂൾപംക്തി ........................................... : 4
സ്ത്രീജന പംക്തി ........................................................ : 6
യുവജന പംക്തി ........................................................ : 7
സീനിയർ സ്റ്റാർസ് ........................................................ : 8
Birthdays & Anniversary ........................................... : 14
Almanac ............................................................ : 16



പ്രിയസ്നേഹിതരെ സ്നേഹവന്ദനം,

മദ്ധ്യവേനലവധിക്കുശേഷം ഒരു പുതിയ അധ്യയനവർഷത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ പ്രവേശിക്കുകയാണല്ലോ. ആദ്യമേ തന്നെ എല്ലാ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും അനുഗ്രഹീതമായ ഒരു അധ്യാനവർഷം ആശംസിക്കുന്നു. പ്രത്യാശ നിറഞ്ഞ ഹൃദയത്തോടും, അറിവിനായി ആകാംക്ഷയുള്ള മനസ്സോടും, വളർച്ചയ്ക്കായി തയ്യാറായ ആത്മാവോടും കൂടി നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് പുതിയ വർഷത്തിൽ പ്രവേശിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഓരോ പുതിയ തുടക്കവും ദൈവത്തിന്റെ അനുഗ്രഹമാണ് പ്രത്യേകിച്ച് വിദ്യാഭ്യാസത്തിലുള്ള പുതിയ തുടക്കം, സ്വപ്നങ്ങൾ എഴുതപ്പെടുകയും, കഴിവുകൾ കണ്ടെത്തപ്പെടുകയും, സ്വഭാവം രൂപപ്പെടുകയും ചെയ്യുന്ന ഒരു പുതിയ തുടക്കം.

സദൃശ്യവാക്യങ്ങൾ 1:5ൽ സത്യവേദപുസ്തകം ഇപ്രകാരം പറയുന്നു. "ജ്ഞാനി കേട്ടു വിദ്യ വർദ്ധിപ്പിക്കട്ടെ." യഥാർത്ഥ വിദ്യാഭ്യാസം മാർക്കുകൾകൊണ്ട് മാത്രം അളക്കപ്പെടുന്നതല്ല; മറിച്ച് നാം നേടുന്ന ജ്ഞാനത്താലും, കാണിക്കുന്ന കരുണയാലും, ഹൃദയത്തിൽ സൂക്ഷിക്കുന്ന സത്യനിഷ്ഠയാലുമാണ് അതിന്റെ മഹത്വം. അറിവ് മനസ്സിനെ പ്രകാശിപ്പിക്കുമ്പോൾ, മൂല്യങ്ങളും വിശ്വാസവും ആത്മാവിനെ പ്രകാശിപ്പിക്കുന്നു.

ആരും സ്വയമേവ അതിന് പ്രാപ്തിയുള്ളവരല്ല. അതിന് അനന്തമായ ദൈവകൃപ ആവശ്യമാണ്. ഫിലിപ്പിയർ 4:13 ൽ പൗലോസ് അപ്പോസ്തലൻ ഈ കൃപയെക്കുറിച്ച് ഇപ്രകാരം പറയുന്നു, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു." നിങ്ങളുടെ പഠനം വിജയലക്ഷ്യങ്ങളാൽ മാത്രം അളക്കപ്പെടാതെ, വിനയത്താലും, കരുണയാലും, പരസ്പര ബഹുമാനത്താലും വിലയിരുത്തപ്പെടട്ടെ. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കൾക്കും വളരെയധികം സ്ഥാനമുണ്ട്.

മാതാപിതാക്കളാണ് മക്കളുടെ ആദ്യ ഗുരുക്കന്മാരും അവരുടെ ജീവിതത്തിന്റെ ശക്തമായ തൂണുകളും. അവരുടെ സ്നേഹവും പ്രാർത്ഥനയും ത്യാഗവും മാർഗ്ഗനിർദ്ദേശവും അവരുടെ ജ്ഞാനത്തെയും സ്വഭാവത്തെയും വളർത്തുന്നു. സദർശ്യവാക്യങ്ങൾ 22:6 ൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ഇങ്ങനെ പറയുന്നു: "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, വൃദ്ധനായാലും അതവനെ വിട്ടുമാറുകയില്ല."

വിശ്വാസം, സത്യസന്ധത, ക്ഷമ, സഹനം ഇതിലൊക്കെ മാതാപിതാക്കൾ മാതൃകയാകുമ്പോൾ മക്കളുടെ സ്വഭാവരൂപീകരണത്തിലും, ജീവിതത്തിലും ഉറച്ച

അടിത്തറ നേടുമെന്നതിനു സംശയമൊന്നുമില്ല. മാതാപിതാക്കളോടൊപ്പമോ അതിലധികമോ ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്, അധ്യാപനം ഒരു തൊഴിലെന്നതിനേക്കാൾ ഉപരിയായി ഒരു നിയോഗമായി അധ്യാപകർ സ്വീകരിക്കുമ്പോഴാണ്

മനസ്സുകളെ രൂപപ്പെടുത്തുകയും ഹൃദയങ്ങളെ പ്രചോദിപ്പിക്കുകയും യുവജനങ്ങളെ സത്യത്തിന്റെയും നന്മയുടെയും വഴിയിലേക്ക് നയിക്കുകയും ചെയ്യുന്ന അതീവ മഹത്തായ ദൗത്യമായി അധ്യാപനം തീരുന്നത്. അധ്യാപകരുടെ ഓരോ വാക്കും വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ ആത്മവിശ്വാസത്തിന്റെയും പ്രത്യാശയുടെയും ലക്ഷ്യബോധത്തിന്റെയും വിത്തുകൾ വിതയ്ക്കും. പാഠപുസ്തകപാഠങ്ങളിലൂടെ മാത്രമല്ല, ജീവിതത്തിലൂടെയും സ്നേഹത്തിന്റെയും നീതിയുടെയും കരുണയുടെയും ഉത്തരവാദിത്വത്തിന്റെയും പാഠങ്ങളും അവർക്കു പകർന്നു നൽകിയാൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി പ്രകാശപൂർണ്ണമായി തീരും എന്നതിനു സംശയമൊന്നുമില്ല. നിങ്ങളുടെ സേവനത്തെ സമൂഹം അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യും, അതിലുപരിയായി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യും.

വിദ്യാർത്ഥികൾ ആത്മാർത്ഥതയോടെ പഠിക്കുമ്പോഴും, മാതാപിതാക്കൾ സ്നേഹത്തോടെ പിന്തുണയ്ക്കുമ്പോഴും, അധ്യാപകർ ജ്ഞാനത്തോടെ വഴികാട്ടുമ്പോഴുമാണ് വിദ്യാഭ്യാസം അതിന്റെ മഹത്തായ ലക്ഷ്യമായ പൗരബോധമുള്ള, സ്വഭാവ ശുദ്ധിയുള്ള, ഉത്തരവാദിത്വബോധമുള്ള ഭാവി പൗരന്മാരെ സൃഷ്ടിക്കുന്ന പ്രക്രിയയായി മാറുകയുള്ളൂ.

ഈ പുതിയ അധ്യയന വർഷത്തിൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും, സമാധാനപൂർണ്ണവും, സ്നേഹപൂർണവും, ഐക്യപൂർണ്ണവുമായ അന്തരീക്ഷത്തിൽ ജ്ഞാനബോധനപ്രക്രിയ അനുഗ്രഹമായി നടക്കട്ടെ എന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

“നിങ്ങൾ എന്തുചെയ്താലും മനുഷ്യർക്കല്ല, കർത്താവിന്നു ചെയ്യുന്നു എന്നപോലെ പൂർണ്ണഹൃദയത്തോടെ ചെയ്യുവിൻ.” (കോലോസ്യർ:3:23) ഈ വാക്യം നമ്മെ നിരന്തരം പ്രചോദിപ്പിക്കട്ടെ.

പുതിയ അധ്യായനവർഷത്തിലേക്കു പ്രവേശിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും ദൈവാനുഗ്രഹപൂർണ്ണവും സന്തോഷകരവും വിജയകരവും ആയ ഒരു പുതിയ അധ്യയന വർഷം ആശംസിക്കുന്നു. ദൈവം എല്ലാവരെയും സമൃധിയായി അനുഗ്രഹിക്കുമാറാകട്ടെ.

# *Editorial*



**നെബു ഐ. തോമസ്**
സഭാസെക്രട്ടറി

യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ ഏവർക്കും സ്നേഹവന്ദനം.

2026 വർഷത്തിന്റെ പാതിദിനങ്ങളെ നാം പിന്നിടുന്ന സമയങ്ങളാണിത്. ഈ വർഷം ആരംഭിച്ചതു മുതൽ നാളിതുവരെ സഭയായും, കുടുംബങ്ങളായും, വ്യക്തിപരമായും നമ്മെ നടത്തിയ ദൈവത്തിന് മനപൂർവ്വമായി നമുക്ക് നന്ദിയും സ്തോത്രവും കരേറ്റാം. 65-ാം സങ്കീർത്തനത്തിന്റെ 12-ാം വാക്യം ഇങ്ങനെ പറയുന്നു, "മരുഭൂമിയിലെ പുൽപ്പുറങ്ങൾ പുഷ്ടി പൊഴിക്കുന്നു. കുന്നുകൾ ഉല്ലാസം ധരിക്കുന്നു." ജൂൺ മാസം സഭയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തോടുള്ള ബന്ധത്തിലും പരിസ്ഥിതിയോടുള്ള ബന്ധത്തിലും ഒക്കെ ചില ഞായറാഴ്ചകൾ വേർതിരിച്ച് ആചരിക്കുന്ന സമയങ്ങളാണ്. ഒന്നാലോചിച്ചു നോക്കിയാൽ ഇക്കാലഘട്ടത്തിലെ ആചരണങ്ങൾക്ക് എത്ര ആഴമുണ്ട്? ജാതീയമായ ചിന്തകൾക്കപ്പുറത്തേക്ക് സുവിശേഷത്തിന് വേരോടാൻ പ്രയാസമായിരുന്ന ഒരു മണ്ണിൽ അതിനെ ഫലഭൂയിഷ്ടമാക്കി സുവിശേഷത്തിന്റെ വിത്തു വിതച്ച് നെടുകെയും കുറുകെയും സഞ്ചരിച്ച വിദേശ മിഷനറിമാരുടെ സംഭാവനകൾ നാം വിസ്മരിക്കാൻ പാടില്ലാത്തതാണ്. സമൂഹത്തിന്റെ പല തട്ടിലായിരുന്നവരെ ഒന്നിച്ചിരുത്തി വിദ്യ പകർന്നു തന്നത് സുവിശേഷത്തിന്റെ വ്യാപനത്തിനു വേണ്ടി മാത്രമായിരുന്നില്ല. മറിച്ച് ഒരു ജനതയെ ഒന്നാകെ തനതു ജീവിതശൈലിയിൽ നിന്ന്, അടിമത്തത്തിൽ നിന്ന് പരസ്പരം ഉൾക്കൊള്ളുന്ന മാനസിക നിലയിലേക്ക് എത്തിക്കുക എന്നതു കുടിയായിരുന്നു അവരുടെ ലക്ഷ്യം. വേർതിരിവില്ലാത്ത വിദ്യാഭ്യാസം നൽകിയതിലൂടെ ക്രിസ്തു വിഭാവനം ചെയ്ത സാമൂഹ്യ സൃഷ്ടിയുടെ വിത്തു പാകുകയായിരുന്നു അവർ. ഭാരതദേശമൊന്നാകെ വിദേശ മിഷനറിമാർ നൽകിയ സംഭാവനകളാണ്, ആധുനിക വിദ്യാഭ്യാസ രീതിക്ക് അടിത്തറ പാകിയതും, പ്രാദേശിക ഭാഷകളുടെ വികാസത്തിനു സഹായിച്ചതും. ആരൊക്കെ തമസ്കരിക്കാൻ ശ്രമിച്ചാലും അത് നിലനിൽക്കുന്ന സത്യം തന്നെയാണ്. എന്നാൽ സഭ അതിൽ നിന്നു വളരെയേറെ വഴിമാറിപ്പോയിരിക്കുന്നു.

അതുപോലെ തന്നെ മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിലാക്കിയ ദൈവം മനുഷ്യന്റെ ജീവിതസന്ധാരണത്തിനു വേണ്ടതെല്ലാം അവിടെ ഒരുക്കിയിരിക്കുന്നു. സകല ഭൂചര ജന്തുക്കളിന്മേലും വാഴാൻ മനുഷ്യനോടു ദൈവം ആവശ്യപ്പെട്ടത് പരസ്പരം ചേർന്നു നില്ക്കാനാണ്. ബലഹീനമായതിനെയും ചിതറിപ്പോയതിനെയുമൊക്കെ ചേർത്തു നിർത്തേണ്ടവൻ അതിൽ അധികാരം സ്ഥാപി

ച്ചപ്പോൾ ഭൂമിയുടെ, പ്രകൃതിയുടെ ഗതി മാറി. അതു നമ്മൾ കണ്ടറിയുന്നവരാണ്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിനു പകരം അതിനെ തനിക്കു ബോധിച്ച പ്രകാരം നിയന്ത്രിച്ചതിന്റെ പരിണിതഫലങ്ങളാണ് ഇന്നു നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പലപ്പോഴും നാമൊക്കെ ആദർശ രാഷ്ട്രീയത്തിന്റെ വക്താക്കളാണ്. ജീവിതങ്ങൾ പലതും പക്ഷേ ആദർശ ശൂന്യമായതും. വലിയ പ്രസംഗങ്ങൾക്കു പകരം നമുക്കാകുന്ന രീതിയിൽ മാതൃകയോടെ ജീവിച്ചാൽ തലമുറ അതിനെ ഏറ്റെടുക്കും. നമ്മുടെ കാലത്ത് നാം എന്തു ചെയ്തു, മറ്റുള്ളവർ കാണുവാൻ തക്ക വണ്ണം എന്ന ചോദ്യം നാം പലപ്പോഴും നേരിടുന്നവരാണ്. നമ്മുടെ പ്രസംഗങ്ങൾ മറ്റുള്ളവരെ കേൾപ്പിക്കാനുള്ളതോ, നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരെ കാണിക്കാനുള്ളതോ ആയിത്തീരരുത്. മറിച്ച് പറയുന്നത് പ്രവൃത്തിക്കാനും ചെയ്യുന്നത് മാതൃകയാക്കാനും സാധിക്കണം. ഇക്കാലയളവിൽ പ്രകൃതിക്കു വിരുദ്ധമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗവും, വെള്ളത്തിന്റെ വിനിയോഗവും, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുമൊക്കെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കുന്നതു തന്നെയാണ്. ഒരു യുവതി തന്റെ ആറു വയസ്സുള്ള മകനുമായി ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. ഇരുവരും യാത്രക്കിടയിൽ പുസ്തകം വായിച്ചുകൊണ്ടിരുന്നു. അതേസമയം മറ്റു യാത്രക്കാരുടെയും അവരുടെ മക്കളുടെയുമെല്ലാം ശ്രദ്ധ തങ്ങളുടെ മൊബൈൽ ഫോണുകളിൽ ആയിരുന്നു. യാത്രക്കാരിൽ ഒരാൾ ആ യുവതിയോടു ചോദിച്ചു, "ഇപ്പോഴത്തെ കുട്ടികളെല്ലാം സ്മാർട്ട് ഫോണുകളിലും വീഡിയോ ഗെയ്മുകളിലുമാണ് ശ്രദ്ധിക്കുക. നിങ്ങളുടെ കുട്ടി മാത്രം പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയാണ് ഇവൻ ഇത്രത്തോളം നിങ്ങളെ അനുസരിക്കുന്നത്? യുവതിയുടെ മറുപടി ഇപ്രകാരമായിരുന്നു, "കുട്ടികൾ നമ്മെ അനുസരിക്കുകയല്ല, അനുകരിക്കുകയാണ് ചെയ്യുന്നത്." കേട്ടു പഠിക്കുന്നതിനേക്കാൾ കണ്ടു പഠിക്കാൻ നാം എന്താണ് ചെയ്യുന്നത്? പ്രകൃതിയോടുള്ള ബന്ധത്തിലും, പരസ്പരമുള്ള ബന്ധത്തിലുമൊക്കെ നാം വിശ്വസ്തരാകുമ്പോഴാണ് ഊഷരഭൂമി ഉർവ്വര ഭൂമിയായ് മാറുന്നത്. ചെറിയ ചെറിയ പ്രവൃത്തികളിലൂടെ വലിയ വലിയ മാതൃകയായിത്തീരുവാൻ നമുക്കിടയാകട്ടെ.

## Cottage Prayers for June 2026 at 4.30 pm

**On 14th June** at the residence of **Leena Kurian**

**On June 28th** at the residence of **Vinish Mathew**

## സൺഡേസ്കൂൾ പംക്തി

കർത്താവിൽ പ്രിയരെ,

വീണ്ടും വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ഒരു വേനലവധിക്കാലം കൂടെ പിന്നിട്ട് ജൂൺ 7-ാം തീയതി ഞായറാഴ്ച സൺഡേ സ്കൂൾ ക്ലാസ്സുകൾ പുനരാരംഭിക്കുകയാണ്. അവധിക്കാലം എല്ലാവരും ഫലപ്രദമായി വിനിയോഗിച്ചു എന്നു കരുതുന്നു. എറണാകുളം ഏരിയ തലത്തിലും ഡയോസിസൻ തലത്തിലും, കേരള റീജിയണൽ ലെവലിലും നടത്തപ്പെട്ട താലന്തുത്സവത്തിൽ പങ്കെടുത്ത എല്ലാ കുഞ്ഞുങ്ങളെയും അനുമോദിക്കുന്നു. അതിനായി ഒരുക്കിയ മാതാപിതാക്കൾ, ടീച്ചേഴ്സ് എന്നിവരോടും നന്ദി അറിയിക്കുന്നു.

**Area Level Result:-**

1. Ann Mariyam Jacob - 1st Prize, Memory Verse Writing
2. Rhesa Angel Renish - 1st Prize, Elocution
   1st Prize, Bible Reading

**Diocesan Level Result:-**

1. Ann Mariyam Jacob - IInd Prize, Memory Verse
2. Rhesa Angel Renish - 1st Prize, Elocution

**Kerala Regional Level:-**

1. Rhesa Angel Renish - 1st Prize, Elocution

കേരളത്തിലെ 5 മഹായിടവകകൾ പങ്കെടുത്ത താലന്തുത്സവം, കൊല്ലം - കൊട്ടാരക്കര മഹായിടവകയുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ (Trivandrum) വച്ച് നടത്തപ്പെട്ടു. കൊച്ചിൻ മഹായിടവക ഓവറോൾ ചാമ്പ്യൻഷിപ്പും നേടി. എല്ലാവരേയും അനുമോദനങ്ങൾ അറിയിക്കുന്നതോടൊപ്പം തുടർന്നും തങ്ങളുടെ താലന്തുകൾ വളർത്തിയെടുക്കുവാൻ ദൈവം ഇടയാക്കട്ടെ എന്ന പ്രാർത്ഥനയോടെ,

**അനിത ബാബു**
Sunday School Headmistress

---

## സ്ത്രീജനപംക്തി

കർത്താവിൽ പ്രിയ സഹോദരിമാരെ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

"യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അവയെ ആചരിക്കുന്ന എല്ലാവർക്കും നല്ല ബുദ്ധിയുണ്ട്." (സങ്കീ. 111:11)

മധ്യവേനലവധിക്കുശേഷം പുതിയ ഒരു അദ്ധ്യയനവർഷം കൂടെ ആരംഭിച്ചിരിക്കുന്നുവല്ലോ. പുതിയ ക്ലാസ്സുകളിലേക്കും സ്കൂളുകളിലേക്കും പ്രവേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു. ദൈവത്തെ യഥാർത്ഥമായി അറിയുന്നതാണ് സകല ജ്ഞാനത്തെക്കാളും വിലയേറിയത്. ഈ ജ്ഞാനം അനുസരണത്തിലൂടെയും അറിവിലൂടെയും ആണ് ലഭിക്കുക. നാം യഥാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കുന്നുവെങ്കിൽ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ, ദൈവത്തെ കൈക്കൊള്ളുന്നുവെങ്കിൽ അപ്പോൾ യഹോവ ഭക്തിയും, ദൈവപരിജ്ഞാനവും കണ്ടെത്തുവാനും അറിയുവാനും ഇടയാകും. ഇങ്ങനെ നമ്മുടെ ഓരോ ഭവനങ്ങളും ദൈവത്തെ അന്വേഷിക്കുന്ന ഭവനങ്ങളാകട്ടെ.

മഹായിടവക സ്ത്രീജനസഖ്യം ത്രിദിന വാർഷിക കോൺഫറൻസ്- 2026 മെയ് മാസം 7,8,9 തീയതികളിൽ ഷൊർണ്ണൂർ, സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. റൈറ്റ് റവ. കുര്യൻ പീറ്റർ തിരുമേനി വാർഷിക കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. "നിശബ്ദതയിൽ നിന്ന് സാക്ഷ്യത്തിലേക്ക് : സ്ത്രീകൾ പ്രത്യാശാ വാഹകർ" എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി വിവിധ അച്ചൻമാരും (കൊച്ചിൻ ഡയോസിസ്) ശ്രീമതി ബെറ്റ്സി മരിയ ജോൺ കൊച്ചമ്മ, സ്ത്രീകളും, കൃഷിയും വേദപുസ്തകാടിസ്ഥാനത്തിലും, ആരോഗ്യ പരിപാലനം സ്ത്രീകളിൽ എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. സിജിയ ബിനുവും ക്ലാസ്സുകൾ എടുത്തു. 3 ദിവസത്തെ വാർഷിക കോൺഫറൻസ് വളരെ അനുഗ്രഹമായിരുന്നു. നമ്മുടെ സഭയിൽ നിന്ന് പങ്കെടുത്ത സ്ത്രീജനസഖ്യാംഗങ്ങളോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

പുതിയ അദ്ധ്യയന വർഷത്തിൽ ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,

**ലിസ്സി ജോൺ** (പ്രസിഡന്റ്)

**മറിയക്കുട്ടി എ. കെ.** (സെക്രട്ടറി)

---

## യുവജനപംക്തി

Greetings in the name of Lord Almighty.

We are delighted to share the recent activities of the Youth Fellowship, which have been a wonderful blend of community bonding, spiritual growth, and joyous new beginnings."A major highlight for our fellowship was the One-Day Outing to Fort Kochi held on April 25th. It was a beautiful time of relaxation and togetherness as our youth members stepped away from their daily routines to explore the historic town. We spent quality time at the beautiful CSI Heritage Bungalow and enjoyed visiting various scenic spots around

Fort Kochi. The trip provided a wonderful opportunity for us to strengthen our friendships and build lasting memories together in fellowship.

The month of May brought a blessed transition for our parish. On May 3rd, we had the joy of welcoming our new Vicar and his family. The Youth Fellowship extends a warm and heartfelt welcome to you, Achen, and your family! We are excited to have you with us and look forward to your spiritual guidance, leadership, and to working closely together in the days ahead.

Our commitment to studying the Word continued with our ongoing series on the "Fruit of the Spirit." On May 17th, we gathered for an Online Prayer Meeting where Rev. John Joseph delivered a profound and insightful message. Focusing on the fruit of "Goodness," Achen drew heavily from Psalm 23. He shared wonderful new knowledge and fresh perspectives on this familiar scripture, helping us deeply understand God's enduring goodness and how we are called to reflect that same goodness in our daily lives.

We thank God for His continuous grace, the safe travels He granted us, and the new leadership He has brought to our church. We eagerly look forward to more blessed gatherings and opportunities to serve in the coming months!

**Sharon Santhosh Samuel**
Secretary

**Anna Grace Ajith**
Secretary

---

## സീനിയർ സ്റ്റാർസ്

കർത്താവിൽ പ്രീയരെ,

“എൻ മനമേ, യഹോവയെ വാഴ്ത്തുക;
അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.” സങ്കീർത്തനം 103:2

ദാവീദ് രാജാവ് തന്റെ സ്വന്തം മനസ്സിനോട് (ആത്മാവിനോട്) ദൈവത്തെ സ്തുതിക്കാനും, ദൈവം ചെയ്ത നന്മകൾ മറക്കാതിരിക്കാനും ആവശ്യപ്പെടുന്ന മനോഹരമായ ഒരു പ്രാർത്ഥനയാണിത്.

ജീവിതത്തിൽ എല്ലാം നല്ല രീതിയിൽ പോകുമ്പോൾ മാത്രമല്ല, പ്രയാസങ്ങൾക്കിടയിലും ദൈവത്തിന്റെ മുൻകാല നന്മകളെ ഓർക്കാൻ ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു.

'അവൻ നടത്തിയ വിധങ്ങൾ ഓർത്താൽ നന്ദി എകിടാതിരുന്നിടുമോ' എന്ന് നമ്മൾ പാടുന്ന ഗാനത്തിന്റെ വരികൾ ആത്മാവിൽ നിറവുള്ള വ്യക്തി എഴുതിയതാണ്.

മുൻ കാലത്തനുഭവിച്ച അനുഗ്രഹങ്ങളെ ഓർത്ത് എഴുതിയ വരികൾ നമുക്കും ആശ്വാസം നൽകുന്നില്ലേ.

ദൈവത്തിന്റെ സ്നേഹവും കരുതലും ഓരോ ദിവസവും നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു.

കഷ്ടതകളിലും സന്തോഷങ്ങളിലും അവന്റെ കൈ നമ്മോടൊപ്പം തന്നെയുണ്ട്.

ലഭിച്ച അനുഗ്രഹങ്ങൾ ഘട്ടം ഘട്ടമായി ഓർക്കുമ്പോൾ ഹൃദയം നന്ദിയാൽ നിറയുന്നു.

പ്രായാധിക്യത്തിൽ ജീവിത സാഹചര്യങ്ങളിൽ ഒറ്റപ്പെട്ട് കഴിയേണ്ടി വരുമ്പോൾ ഒരു പക്ഷെ പല ചിന്താ ഭാരങ്ങൾ നമ്മെ അലട്ടാം, പക്ഷെ ഈ ആയുസു വരെ വഴിനടത്തിയ ദൈവം തന്ന അനുഗ്രഹങ്ങളെ ഓർത്ത് നന്ദി കരേറ്റുമ്പോൾ മനസിന് ലഭിക്കുന്ന കുളിർമ്മ രുചിച്ചറിയുവാൻ സമയം കണ്ടെത്താം.

നമ്മുടെ ജീവിതം മുഴുവൻ അവന്റെ കൃപയുടെ സാക്ഷ്യമായിരിക്കട്ടെ.

ജൂൺ മാസം ഒന്നാം തിയതി സ്കൂളുകൾ തുറക്കുന്നുവല്ലോ? വിദ്യാരംഭമായും, തുടർ പഠനം സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും ആയിട്ടുള്ള മക്കൾക്ക് ആശംസകൾ നേരുന്നു.

വിദ്യാർത്ഥികൾക്ക് ധൈര്യവും ജ്ഞാനവും ദൈവീകസംരക്ഷണവും നൽകുന്ന ചില മനോഹരമായ ബൈബിൾ വാക്യങ്ങൾ താഴെ നൽകുന്നു. ഇത് അവർക്ക് വലിയൊരു പ്രത്യാശയും വഴികാട്ടിയുമായിരിക്കും.

പഠനത്തിൽ മുൻപന്തിയിൽ എത്താനും ശരിയായ തീരുമാനങ്ങൾ എടുക്കാനും ദൈവീക ജ്ഞാനം അത്യാവശ്യമാണ്.

ദൈവ വചനങ്ങൾ ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു.

സദൃശവാക്യങ്ങൾ 2:6

'യഹോവയല്ലോ ജ്ഞാനം നൽകുന്നത്; അവന്റെ വായിൽനിന്ന് പരിജ്ഞാനവും വിവേകവും വരുന്നു.'

സങ്കീർത്തനങ്ങൾ 119:105

'നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു.'

പുതിയ അന്തരീക്ഷം, പുതിയ കൂട്ടുകാർ, പരീക്ഷകൾ എന്നിവ തരുന്ന ഭയത്തെ അതിജീവിക്കാനും, പുതിയ സാഹചര്യങ്ങളിൽ വഴിതെറ്റിപ്പോകാതെ സൂക്ഷിക്കാനും പഠനത്തിൽ ഉയർച്ചയുണ്ടാകാനും ക്ലാസ്സ്മുറികളിലും ക്യാമ്പസുകളിലും നല്ലൊരു മാതൃകയായി ജീവിക്കുവാനും ദൈവ ഭയവും വിശ്വാസവും അനിവാര്യമാണ്. അതിനായി ദൈവം സഹായിക്കട്ടെ.

എല്ലാ മാസം എല്ലാ ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സീനിയർ സ്റ്റാഴ്സ് ഫെലോഷിപ്പ് ഓൺലൈൻ പ്രാർത്ഥന നടത്തപ്പെടുന്നതാണ്. ബഹു. 2026 ജൂൺ 3 ആം തിയതി ബുധനാഴ്ച Rev. John Joseph ( Vicar ) അച്ചന്റെ പ്രാർത്ഥനയോടെ

ഓൺലൈൻ പ്രയർ ആരംഭിക്കുമെന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

നമ്മുടെ സഭയെ, അതി ശ്രേഷ്ഠ പുരോഹിതരെ, ഇടവക അധികാരികളെ, സുവിശേഷകരെ, സഭാ ആത്മീക സംഘടനകളെ, സഭാജനങ്ങളെ, ലോക സമാധാനത്തിനായി കുടുംബപ്രാർത്ഥനയിൽ ഓർത്ത് പ്രാർത്ഥിക്കാം.

സീനിയർ സ്റ്റാർസ് അംഗങ്ങൾക്ക് പ്രത്യേക ഭവനപ്രാർത്ഥന നടത്തുവാൻ ആഗ്രഹിക്കുന്നവർ സീനിയർ സ്റ്റാർസ് ഭാരവാഹികളെ / വാട്സ് ആപ് ഗ്രൂപ്പിൽ അറിയിക്കാവുന്നതാണ്.

സഭയുടെ ആത്മീക വളർച്ചക്കായി സീനിയർ സ്റ്റാർസിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുവാൻ പ്രയോജനപ്പെടുന്ന അഭിപ്രായങ്ങൾ സീനിയർ സ്റ്റാർസ് വാട്സ്ആപ് ഗ്രൂപ്പിൽ രേഖപ്പെടുത്തിയും ഭാരവാഹികളെ വ്യക്തിപരമായി അറിയിക്കുകയും ചെയ്യാവുന്നതാണ്.

ഇത്രത്തോളം വഴി നടത്തിയ ദൈവത്തിനു സ്തോത്രം ചെയ്യാം.


സീനിയർ സ്റ്റാഴ്സ് ഫെലോഷിപ്പിന് വേണ്ടി

**ജെയിംസ് എൻ. എസ്.,**
സെക്രട്ടറി

**സാമുവൽ ജോർജ്ജ്,**
ട്രഷറർ

**എല്ലാ മാസം എല്ലാ ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സീനിയർ സ്റ്റാഴ്സ് ഫെലോഷിപ്പ് ഓൺലൈൻ പ്രാർത്ഥന നടത്തപ്പെടുന്നതാണ്. ബഹു. 2026 ജൂൺ 3–ാം തിയതി ബുധനാഴ്ച Rev. John Joseph (Vicar) അച്ചന്റെ പ്രാർത്ഥനയോടെ ഓൺലൈൻ പ്രയർ ആരംഭിക്കുമെന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.**

**എല്ലാ മാസം 4–ാം ശനിയാഴ്ച രാവിലെ 10 മണിക്ക് ദേവലയത്തിൽ വച്ച് സീനിയർ സിറ്റീസനു വേണ്ടി വിശുദ്ധ കുർബാന ശുശ്രൂഷ നടത്തപ്പെടുന്നതാണ്.**




**By Asher Paul**

# അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്നവൻ

പൊന്നമ്മ തോമസ്

"എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമ്മേൻ.

എഫെസ്യർ 3: 20,21

എഫേസ്യ ലേഖനത്തിൽ പൗലോസ് അപ്പോസ്തലന്റെ അനേക പ്രാർത്ഥനകൾ കാണാൻ കഴിയും. വിശ്വാസികൾ അവരുടെ പദവികളെക്കുറിച്ചും മഹത്വത്തെക്കുറിച്ചും അറിയണമെന്നും അതിനുള്ള വെളിപാട് അവർക്ക് ഉണ്ടാകണമെന്നുമാണ് പ്രാർത്ഥനകളുടെയെല്ലാം കാതൽ. അങ്ങനെ പ്രാർത്ഥിച്ചതിന് ശേഷം പൗലോസ് അവരെ ഉറപ്പിക്കുന്ന കാര്യമാണ് മേൽ ഉദ്ധരിച്ച വാക്യം.

1. ദൈവത്തിന്റെ അപാരമായ ശക്തി.

- സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു. 2 കൊരിന്ത്യർ 9:8
- സഹായിപ്പാൻ കഴിവുള്ളവൻ. എബ്രായർ 2:18
- പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ. എബ്രായർ 7 : 25
- സകലവും കീഴ്പ്പെടുത്തുവാൻ കഴിയുന്നവൻ. ഫിലിപ്പിയർ 3: 21
- സൂക്ഷിപ്പാൻ ശക്തൻ - 2 തിമോത്തിയോസ് 1:12

കർത്താവ് ശക്തനാണ് എന്നു മാത്രമല്ല നൽകുവാൻ മനസ്സുള്ളവനുമാണ്.

നീയെനിക്കു എന്തു തരും എന്നു അബ്രഹാം ദൈവത്തോടു ചോദിച്ചു. (ഉല്പത്തി 15:2). അബ്രാഹാം ചോദിച്ചതിലും എത്രയോ ഇരട്ടിയാണ് ദൈവം അവന് കൊടുത്തത് (ഉല്പത്തി 15: 4-5). ദൈവം അത്യന്തം പരമായി ചെയ്യുന്നവനാണ്. കവിഞ്ഞൊഴുകുന്ന തോടുപോലെയാണ് ദൈവത്തിന്റെ സമൃദ്ധി, ദാഹിക്കുന്നവർക്ക് അതിൽ നിന്നും സമൃദ്ധിയായി കുടിക്കാം. ഉൽസവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ടു ദാഹിക്കുന്നവർ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു പറയുന്നു (യോഹന്നാൻ 7: 37-38). സമൃദ്ധിയായി ജീവജലം തരുവാൻ കഴിവുള്ളവൻ ആണ് നമ്മുടെ കർത്താവ്.

2. ദൈവമഹത്വമായിരിക്കണം നമ്മുടെ ലക്ഷ്യം

ദൈവത്തിന് മഹത്വം കൊടുക്കുവാൻ നാം ഒരുക്കപ്പെടണം. ചില ചിന്തകൾ ദൈവവചന അടിസ്ഥാനത്തിൽ പങ്കുവെക്കുവാൻ ആഗ്രഹിക്കുന്നു.

1) ദൈവത്തിനു മഹത്വം കൊടുക്കേണം എന്നത് ദൈവകല്പനയാണ്. സങ്കീ. 22: 23
2) ദൈവം പരിശുദ്ധൻ ആയതിനാൽ നാം ദൈവത്തെ മഹത്വപ്പെടുത്തേണം. സങ്കീ. 99:5
3) ദൈവത്തിന്റെ ദയയും വിശ്വസ്തതയും നിമിത്തം നാം ദൈവത്തെ മഹത്വപ്പെടുത്തേണം. സങ്കീ. 115:1

4) ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ നിമിത്തം നാം ദൈവത്തെ മഹത്വപ്പെടുത്തേണം. മത്തായി 15:31; അപ്പോസ്തലപ്രവൃത്തികൾ 4: 21
5) ദൈവിക വിടുതലുകൾ ലഭിക്കുമ്പോൾ നാം ദൈവത്തെ മഹത്വപ്പെടുത്തേണം. സങ്കീ. 50:15
6) യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു മഹത്വം കൊടുക്കേണം. ഫിലി. 1: 11, 1 പത്രോസ് 4:11.
7) നാം ക്രിസ്തുവിനെ ഏറ്റുപറയുമ്പോൾ ദൈവത്തിനു മഹത്വം കൊടുക്കുന്നവരായിത്തീരുന്നു. ഫിലി. 3:11.
8) ക്രിസ്തുവിനുവേണ്ടി കഷ്ടം അനുഭവിക്കുമ്പോൾ - 1 പത്രോസ് 4:16
9) കഷ്ടതയിൽ സഹിഷ്ണുത കാണിക്കുന്നതുമൂലം. യെശയ്യാവ് 24:15
10) നീതിഫലം കായ്ക്കുന്നതുമൂലം. യോഹന്നാൻ 15:8.

നാം അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കായി വീണ്ടെടുക്കപ്പെട്ടവരാണ്. എഫെ. 1:12. ആത്മാവിൽ മുദ്രയിടപ്പെട്ടവർ ആണ്. എഫെ. 1:14.

ക്രിസ്തു നമ്മിൽ മഹത്വപ്പെടും. 2 തെസ്സ. 1:11.

യിസ്രായേൽ അവന്റെ മഹത്വമാണ്. യെശ. 46: 12.

കർത്താവിന് തലമുറ തലമുറയായി മഹത്വം കൊടുക്കുവാൻ നമുക്ക് ഇടയാകട്ടെ. അത് ഇപ്പോൾ നമ്മിലൂടെയാകട്ടെ.

ആമേൻ, കർത്താവായ യേശുവേ, വരണമേ.

---

## വിദ്യാഭ്യാസവും ശിഷ്യത്വവും – ക്രിസ്തുവിന്റെ സ്വാധീനം.

**G. Mathew**

ഇന്നത്തെ ലോകത്തു വിദ്യാഭ്യാസം കൂടുതലായും അറിവിന്റെ സമാഹരണമായി ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ, ക്രിസ്തീയ ദൃഷ്ടിയിൽ അത് ജീവിത രൂപീകരണമാണ്.

വിദ്യാഭ്യാസവും ശിഷ്യത്വവും ഒന്നിച്ചു ചേരുന്നിടത്താണ് യഥാർത്ഥ പഠനത്തിന്റെ ആഴം വെളിവാകുന്നത്. ഈ സമന്വയത്തിന്റെ ഏറ്റവും ഉജ്വല മാതൃകയാണ് കർത്താവായ യേശു ക്രിസ്തു.

എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് മത്തായി 4:19ൽ നാം വായിക്കുന്നു. യേശുവിന്റെ ആ വിളി ഒരു വിദ്യാഭ്യാസ പ്രക്രിയയുടെ തുടക്കമായിരുന്നു. ശിഷ്യത്വം ഒരു മുറിയിൽ ഒതുങ്ങുന്ന പഠനമല്ല ;അത് ജീവിതവുമായി ചേർന്നുള്ള പഠനമാണ്. യേശുവിനെ അനുഗമിച്ച ശിഷ്യന്മാർ യേശുവോട് കൂടെ നടക്കുകയും കാണുകയും അനുഭവിക്കുകയും ചെയ്തു. പുസ്തകങ്ങളിലൂടെ മാത്രമല്ല ജീവിതത്തിലൂടെയും അവർ പഠിച്ചു. പിന്നീട് ഇത് ഗുരുകുല വിദ്യാഭ്യാസ സംപ്രദായമായി രൂപപ്പെട്ടു.

യേശുവിന്റെ വിദ്യാഭ്യാസ രീതി, ലളിതവും ജീവിത ബന്ധവുമായിരുന്നു. ഉപമകളിലൂടെ സത്യങ്ങൾ വെളിപ്പെടുത്തി. മത്തായി യുടെ സുവിശേഷം 13 ആം അദ്ധ്യായം 34 ആം വാക്യം 'ഇതൊക്കെയും യേശു പുരുഷാരത്തോട് ഉപമകളായി പറഞ്ഞു ;ഉപമ കൂടാതെ അവരോട് ഒന്നും പറഞ്ഞില്ല' എന്നും നാം വായിക്കുന്നു. ഇത് ഇന്നത്തെ വിദ്യാഭ്യാസ ത്തിനുള്ള ഒരു വലിയ പാഠമാണ്, അതായത് പഠനം ജീവിതവുമായി ബന്ധിപ്പിക്കുമ്പോഴാണ് അത് സ്ഥിരമായ സ്വാധീനം ചെലുത്തുന്നത്.

തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു പറഞ്ഞത് 'എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ വാസ്തവമായി, എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്ന് പറഞ്ഞു' എന്ന് യോഹന്നാൻ 8:31- 32 ൽ കാണാം.

യേശുവിന്റെ ദൃഷ്ടിയിൽ വിദ്യാഭ്യാസം അറിവ് നേടലിൽ ഒതുങ്ങുന്നില്ല. അത് മനുഷ്യന്റെ ആന്തരിക രൂപാന്തരമാണ്. ശിഷ്യത്വം അതിനുള്ള വഴി ആണ്. അതായത് സത്യത്തെ അറിഞ്ഞു അത് ജീവിതത്തിൽ നടപ്പാക്കുന്ന പ്രക്രിയ.

യേശു തന്റെ ശിഷ്യന്മാരോട് ഒരു ഗുരുവായും മാതൃകയായും ആണ് ജീവിച്ചത്. വിദ്യാഭ്യാസത്തിന്റെ ഹൃദയം ബന്ധത്തിലാണ്. ഗുരുവിന്റെ ജീവിതം തന്നെ ശിഷ്യന്റെ പഠന മാർഗ്ഗമാകുമ്പോൾ പഠനം ശക്തവും ദീർഘകാലവുമായിരിക്കും. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു എന്ന് യോഹന്നാൻ 13:15 ൽ എഴുതിയിരിക്കുന്നത് ഇവിടെ പ്രസക്തമാകുന്നു.

നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും. യോഹന്നാൻ 13:35. യേശു പഠിപ്പിച്ചത് സ്നേഹവും സേവനവും ആയിരുന്നു. അതാണ് യഥാർത്ഥ മൂല്യ വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത് അറിവിനൊപ്പം മൂല്യങ്ങളും ഉൾകൊള്ളേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമാണ്.

യേശുവിൽ നിന്ന് ശിഷ്യൻമാർക്ക് ലഭിച്ച പഠനം മറ്റുള്ളവരിലേക്കും എത്തിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസവും ശിഷ്യത്വവും ഒരുപോലെ ദൗത്യപരമാണ്.

ശിഷ്യത്വവും വിദ്യാഭ്യാസവും തമ്മിലുള്ള ഈ സുസംഘടിതമായ ബന്ധം നമ്മെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു: യഥാർത്ഥ വിദ്യാഭ്യാസം ജീവിതത്തെ മാറ്റുന്നതാണ്. യേശുക്രിസ്തു നൽകിയ മാതൃകയിൽ, പഠനം അറിവിൽ ഒതുങ്ങാതെ സ്നേഹത്തിലും സേവനത്തിലും ഫലിക്കുന്ന ഒരു ജീവിതമായി മാറുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ, അറിവ് വർധിച്ചിട്ടും ജ്ഞാനം കുറയുന്ന സാഹചര്യത്തിൽ, യേശുവിന്റെ ഈ മാതൃക നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു വിദ്യാഭ്യാസം എന്നത് ഒരു യാത്രയാണ്; ശിഷ്യത്വം അതിന്റെ ഹൃദയമാണ്.

# BIRTHDAYS
# JUNE 2026


| Date | Name | Contact No. | Dir. No. |
|---|---|---|---|
| 01 | George T. G. | 9447 703 641 | 45 |
| | Helen K Binu | 9633 755 760 | 84 |
| | Joseph K. E. | 9400 490 992 | 84 |
| | Rajesh Samuel | 9866 857 728 | Nil |
| | Ruby James | 8747 036 275 | 60 |
| 02 | Anna Shikha Varghese | 7293 123 423 (M) | 196 |
| | Jacob Thomas | 9745 047 976 | 210 |
| | James N. S. | 9747 036 275 | 60 |
| | Johaan Matthew | Aborad | 120 |
| | Shaji V Issac | 9846 102 960 | 206 |
| | Yesudas K. J. | 9847 689 136 | 66 |
| 03 | Annamma Eapen | 0484 2411 558 | 31 |
| | Jebson John Varghese | 7510 581 440 (M) | Nil |
| | Manoj Mathew E. | 9447 483 722 | 110 |
| | Rachel Thomas M. | 9446 508 173 | 96 |
| 06 | Aleyamma John | 9961 611 695 | 39 |
| 09 | Subenji Jacob Mathew | 9037 845 089 | 16 |
| 10 | Ashley Louis Paul | 9848 215 604 | 133 |
| | Jayce Mathews Jerry | 7902 800 783 | New |
| 11 | Anu Edwin | 9249 208 000 | 34 |
| | Joseph P. M. | 9495 603 410 | 88 |
| 12 | Aby Michael | 9447 369 559 | 121 |
| | Alice Paul T. | 9847 254 442 (F) | 191 |
| | Joseph Joshy Varghese | 9447 577 519 | 82 |
| | Manju Kiran | 9742 990 055 | 93 |
| | Jovia Susy Joyal | 9446 370 442 | New |
| 13 | Christabel Jobson | 9809 291 313 | 63 |
| | Davith Vibin Thomas | 9497 469 523 (F) | 200 |
| | Febi Susan John | 8848 669 966 | Nil |
| | Feba Grace John | 8848 779 818 | Nil |
| 14 | Daisy George | 9895 132 380 | 27 |
| | Jia Ann Matthew | Abroad | 120 |
| 15 | Athulya Raj D.S. | 9496 120 741 | 154 |
| 16 | Rani Grace Ajith | 9446 236 311 | 03 |
| | Nethaniel Bibin John | 9747 369 162 | 71 |
| 17 | Alyssa Mary George | 8095 354 376 (F) | 176 |
| | Liz Mariya S. | 9895 999 852 (F) | 139 |
| 18 | Diane Elizabeth Subin | +1604 379 9952 | 32 |
| | Feba Elizabeth Jacob | 8606 669 070 (H) | New |
| 19 | Jyothi Carl Cecil | Abroad | 178 |
| 21 | Sanju Oommen | 9447 601 090 | Nil |
| 22 | Dr. Bipina Mercy | 9400 761 038 | 158 |
| | Rinosh Kurian Joseph | 8281 401 723 | 86 |
| | Roshan Varghese Joseph | 9061 454 758 | 86 |
| | Sweety Johnson | 9847 405 486 | Nil |
| | Tina Albert | 8086 567 099 | Nil |
| 24 | Eapen Jacob | 6282 707 572 | 30 |
| | Minu Jose | 8089 966 323 | 59 |
| | Santha Simon | Abroad` | 168 |

| | | | |
|---|---|---|---|
| 25 | Nayomi Sunny | 8547 549 148 | Nil |
| | Vinish T. Mathew | 7593 883 302 | New |
| 26 | Abiya Vincy | 9003 069 600 | New |
| | George Benjamin | 9249 250 795 | 37 |
| | Jacob Chacko | 9539 412 421 | 51 |
| | Neha Sam | 9447 937 432 (F) | 160 |
| 27 | Thomas M. A. | 9387 492 346 | 188 |
| 28 | Kevin Emmanuel | 9895 017 954 (F) | 136 |
| | Nithin Elias Mathew | 9995 169 806 | 110 |
| | Linu Susan Varghese | 9496 089 993 | New |
| | Shiju Thomas | 9645 782 502 | 185 |
| 30 | Rinish Stephen | 9895 730 312 | Nil |
| | Shylakutty Jacob John | 8281 695 792 | New |
| | Thomas Ninan | 7560 980 545 | 189 |

# WEDDING ANNIVERSARIES

**JUNE 2026**

| Date | Name | Contact No | Dir No. |
|---|---|---|---|
| 05 | Mr. Jerry Mammen & Mrs. Christina Sara | 7902 800 783 | Nil |
| 07 | Mr. Jaison P. M & Mrs. Sruthi Jaison | 9895 284 389 | 58 |
| | Mr. Shaji V. Issac & Mrs. Mareena John | 9846 102 960 | 206 |
| 08 | Mr. Biju Kurian Jacob & Mrs. Anuja Kurian | 9846 535 726 | 19 |
| 10 | Mr. Johnson Itty Iype & Mrs. Susheela Johnson | 9605 095 720 | 74 |
| 11 | Mr. Cyriac Thomas & Mrs. Saramma Cyriac | 9447 183 123 | 26 |
| 17 | Mr. Thomas M. A. & Mrs. Sumol Thomas | 9387 492 346 | 188 |
| 18 | Mr. James A. J. & Mrs. Lilly James | 9446 322 560 | 59 |
| 26 | Mr. Jacob V. T. & Mrs. Mary Jacob | 9447 328 481 | 57 |
| 28 | Mr. Monu J. Koshy & Mrs. Anju Monu Koshy | 9846 854 660 | 125 |
| 30 | Mr. Benjamin Mathew & Mrs. Saramma Benjamin | 9495 602 439 | 16 |
| | Mr. Joy Samuel & Mrs. Annie Joy | 9946 936 419 | 91 |




**By Ashnah**

# Almanac - June 2026

**English Service : 7 am** **Malayalam Service : 9 am**

| | |
|---|---|
| **07-06-2026**<br>"വിദ്യാർത്ഥി ഞായർ"<br>പെന്തക്കോസ്തിനുശേഷം 1-ാം ഞായർ<br>യേശു: അതുല്യമായ സ്വാധീനം ചെലു ത്തുന്ന വ്യക്തി<br>Students Sunday - 1st Sunday after Pentecost.<br>Jesus: The Ultimate Influencer | 2 ദിന. 20: 13-19<br>സങ്കീ: 89: 19-37<br>അപ്പൊ. പ്ര. 18: 24-28<br>യോഹ. 8: 12-20 |
| **14-06-2026**<br>പെന്തക്കോസ്തിനുശേഷം 2-ാം ഞായർ<br>"പരിസ്ഥിതി ഞായർ". സൃഷ്ടി സംസാരി ക്കുന്നു. പ്രപഞ്ചത്തിൽ ദൈവസ്വരം കേൾപ്പിൻ<br>2nd Sunday after Pentecost Environment Sunday.<br>Creation Speaks: Listening to God's Voice in Nature | ഇയ്യോ: 12: 7-12<br>സങ്കീ: 19<br>വെളി: 22: 1-6<br>ലൂക്കോ: 12 : 24-34 |
| **21-06-2026**<br>പെന്തക്കോസ്തിനു ശേഷം 3-ാം ഞായർ<br>ആരാധന:"ദൈവസാന്നിധ്യത്തിൽ ദൈവോദ്ദേശത്തിനായി"<br>3rd Sundayafter Pentecost<br>Worship : In God's Presence, For God's Purpose | യെശ: 6: 1-8<br>സങ്കീ: 100<br>അപ്പൊ. പ്ര.: 2: 42-47<br>മർക്കൊ.: 12: 28-34 |
| **28-06-2026**<br>പെന്തക്കോസ്തിനു ശേഷം 4-ാം ഞായർ<br>ശിഷ്യത്വം: "വന്നു കാണ്മിൻ, പോയി പ്രഘോഷിക്കുവിൻ"<br>4th Sunday after Pentecost<br>"Discipleship: Come and See, Go and tell." | സെഖ.8: 18-23<br>സങ്കീ.: 66<br>റോമ. 10: 9-17<br>യോഹ. 1: 39-42 |